# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 822 08.03.2012 - ലെ മറുപടി

## കെ.എസ്.ആർടി.സി.യിലെ ആശ്രിതനിയമനം

**ചോദ്യം** **ഉത്തരം**

ശ്രീ. ജെയിംസ് മാത്യു

ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി കണ്ണൂർ ഡിപ്പോയിൽ ഡ്രൈവറായിരിക്കെ 28 - 07 - 2008 -ൽ മരണപ്പെട്ട കെ. പ്രവീണിന്റെ സഹോദരനും ആശ്രിതനുമായ ശ്രീ. കെ. ജഗത്തിന് ആശ്രിതനിയമനം നൽകിയിട്ടുണ്ടോ; | (എ) | ശ്രീ. ജഗത്തിന് ആശ്രിത നിയമനം നല്കിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കുമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും | ആശ്രിതൻ എല്ലായ്പ്പോഴും നിയമാനുസൃത അവകാശി (Legal heir) ആയിരിക്കണമെന്നില്ല. അവിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥർ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ അവരുടെ അച്ഛൻ/അമ്മ, അവിവാഹിതരായ സഹോദരി, അവിവാഹിതനായ സഹോദരൻ എന്നിവർ ആശ്രിത നിയമനം ലഭിക്കുന്നതിനർഹരാണ്. മരണമടഞ്ഞ ശ്രീ. പ്രവീണും, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുളള സഹോദരനും അവിവാഹിതരാണെങ്കിൽ, അപേക്ഷകൻ ആശ്രിത നിയമനത്തിന് അർഹനാണ്. എന്നാൽ അപേക്ഷകൻ |
| (സി) | ഇത് സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ; | | |
| (ഡി) | അവിവാഹിതരായവർ മരണപ്പെട്ടാൽ നിയമപരമായി ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അമ്മയുടെ പേരിൽ മാത്രമേ നൽകുകയുള്ളു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | എങ്കിൽ ഇക്കാര്യം മനസ്സിലാക്കിയിട്ടും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാത്തതെന്താണ്; | | |

| | | | |
|---|---|---|---|
| | | | നിശ്ചിത പ്രഫോർമയിലുള്ള അപേക്ഷയോ അനുബന്ധ രേഖകളോ സമർപ്പിച്ചതായി കാണുന്നില്ല. നിലവിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടയുന്ന സമയത്ത് ആശ്രിതൻ മേജറാണെങ്കിൽ മരണശേഷം രണ്ട് വർഷത്തിനുള്ളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ കേസിൽ 28.07.2010 ന് മുമ്പായി ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നു. ശ്രീ. കെ. ജഗത്ത് 25.07.2009 - ൽ വെള്ളപേപ്പറിൽ അപേക്ഷ നൽകിയിട്ടുള്ളത് കണക്കിലെടുത്ത് നിശ്ചിത പ്രഫോർമയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും ഉടനടി ഹാജരാക്കുവാൻ ടിയാന് നിർദ്ദേശം നൽകുവാനും, അർഹതാ മാനദണ്ഡ പ്രകാരം ടിയാന്റെ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുവാനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി.യ്ക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | തളിപ്പറമ്പ് തഹസിൽദാർ മരണപ്പെട്ട പ്രവീണിന്റെ സഹോദരൻ കെ. ജഗത്ത് മരണപ്പെട്ട ആളിന്റെ ആശ്രിതനാണെന്ന് വ്യക്തമാക്കുന്ന രേഖ നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | (എഫ്) | ശ്രീ.കെ ജഗത്തും മരണപ്പെട്ട പ്രവീണും കുടുബാംഗങ്ങളാണെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ